•

സാധാരണക്കാർക്ക് കടലെന്നാൽ തിരകളും ഒഴുക്കും പിന്നെ അതിനു മുകളിൽ കാണുന്ന കാഴ്ചകളുമാണ്. എന്നാൽ, അതല്ല കടൽ. മലമുകളിലെ കാടുകാണുന്ന നമ്മൾ കടലോ കടലിനടിയിലെ 'കാടോ' കാണുന്നില്ല. കാട് കാണുന്നപോലെ എളുപ്പമല്ല കടൽ കാണൽ. സമുദ്രങ്ങളുടെ ആഴങ്ങളിൽ അടങ്ങാത്ത ത്വരയുമായി ചലിക്കുന്ന റോബർട്ട് പനിപ്പിള്ള കടലിനെക്കുറിച്ചും കടലിനടിയിലെ ജീവിതങ്ങളെക്കുറിച്ചും എഴുതുന്നു.

•

# കടൽപച്ചപ്പിൻെറ നിറഭേദങ്ങൾ

**റോബർട്ട് പനിപ്പിള്ള**

↓ വിഴിഞ്ഞം മൂക്കം



2015 ക്രിസ്മസിന് മുമ്പുള്ള ഒരു ദിനം. അണ്ടർ വാട്ടർ ഷൂട്ടിങ്ങിനായി നിശ്ചയിച്ച ദിവസങ്ങൾ അടുത്തുവരുകയാണ്. കടലിന്റെ തെളിച്ചം നേരിൽ മനസ്സിലാക്കാൻ വള്ളത്തിൽ അടിമലത്തുറവരെ പോയിവരുകയായിരുന്നു ഞങ്ങൾ. വിഴിഞ്ഞത്തെ ഡ്രഡ്ജിങ് തുടങ്ങിയിട്ട് അപ്പോൾ ഏതാണ്ട് ഇരുപത് ദിവസമായി. കരയിൽനിന്ന് നിശ്ചിത അകലംവരെ കടലാകെ കലങ്ങിക്കിടക്കുകയാണ്. തിരികെ വരുമ്പോൾ കോവളത്തെ സുധി ഹാർപൂണിങ് ഗണ്ണുമായി കട്ടമരത്തിൽ നിൽക്കുന്ന ഒരു ഫോട്ടോ കടലിൽവെച്ചെടുക്കണമെന്ന് നേരത്തേ പദ്ധതിയിട്ടിരുന്നു. ഞങ്ങൾ കോവളം മല കടലിലേക്കിറങ്ങി നിൽക്കുന്ന മൂക്കത്തിനടുത്തെത്തിയപ്പോൾ സുധിയും സാംകുട്ടിയും കട്ടമരത്തിൽ അവിടെ കാത്തുനിൽപുണ്ട്. രണ്ടാളും കടലറിവിന്റെ മഹാശേഖരം ഉള്ളിൽ സൂക്ഷിക്കുന്ന, കോവളത്തെ എന്റെ പ്രിയ സുഹൃത്തുക്കൾ. ഒട്ടനവധി കടൽയാത്രകളിൽ നിറസാന്നിധ്യമായവർ. ഞാനെന്റെ കാനോൻ ഇ.ഒ.എസ് കാമറയെടുത്ത് ഫോക്കസ് ചെയ്ത് സുധി ഗണ്ണുമായി കട്ടമരത്തിൽ എഴുന്നേറ്റുനിൽക്കുന്ന രണ്ടു മൂന്നു ഫോട്ടോ ക്ലിക്ക് ചെയ്തു. യാത്ര പറയാനൊരുങ്ങുമ്പോൾ സാംകുട്ടി എന്നോട് പറഞ്ഞു: "അടുത്ത ദിവസംതന്നെ അണ്ടർ വാട്ടർ കാമറയുമായി വരണം, ഒരിടത്ത് ഞാനൊരു പുതിയ സാധനം കണ്ടുവെച്ചിട്ടുണ്ട്." കടലിനടിയിൽ എവിടെയോ ഒരു പുതിയ ജീവിയെ കണ്ടുവെന്നാണ് അയാൾ സൂചിപ്പിച്ചത്. അതെന്താണെന്നറിയാൻ ആകാംക്ഷയായി. നാളെ വന്നാൽ അതവിടെതന്നെ ഉണ്ടാവുമെന്ന് ഉറപ്പുണ്ടോ? എന്റെ സംശയം കേട്ടപ്പോൾ സാംകുട്ടി പറഞ്ഞു: "അതവിടെനിന്നും എങ്ങും പോകുന്ന ജാതിയല്ല." കടലിന്റെ അടിത്തട്ടുപറ്റി വളരുന്ന ജീവികളേതെങ്കിലുമാകാം സാംകുട്ടി കണ്ടുവെച്ചിരിക്കുന്നത്.

സാമിന്റെ കടലറിവിൽ എനിക്കു പൂർണവിശ്വാസമാണ്.

**"അടുത്ത ദിവസംതന്നെ അണ്ടർവാട്ടർ കാമറയുമായി വരണം, ഒരിടത്ത് ഞാനൊരു പുതിയ സാധനം കണ്ടുവെച്ചിട്ടുണ്ട്." കടലിനടിയിൽ എവിടെയോ ഒരു പുതിയ ജീവിയെ കണ്ടുവെന്നാണ് അയാൾ സൂചിപ്പിച്ചത്. അതെന്താണെന്നറിയാൻ ആകാംക്ഷയായി. നാളെ വന്നാൽ അതവിടെതന്നെ ഉണ്ടാവുമെന്ന് ഉറപ്പുണ്ടോ? എന്റെ സംശയം കേട്ടപ്പോൾ സാംകുട്ടി പറഞ്ഞു: "അതവിടെനിന്നും എങ്ങും പോകുന്ന ജാതിയല്ല."**

കടലറിവുള്ളയാൾ എന്നതിലുപരി കറകളഞ്ഞ കടൽസ്നേഹമുള്ളയാൾ എന്ന നിലയിലാണ് ഞാൻ സാമിനെ കാണുന്നത്. 2015 ജനുവരിയിൽ ഞങ്ങളാദ്യമായി കണ്ടുമുട്ടിയ അവസരത്തിൽ എന്റെ പ്രവർത്തനം മനസ്സിലാക്കിയ അയാൾ വർക്കലക്കടുത്ത കടലിലെ കടുംനീലനിറത്തിലുള്ള അപൂർവ ജീവികളെക്കുറിച്ച് സൂചന തന്നു. ആ പ്രദേശത്തെ കടലടിത്തട്ടിനെക്കുറിച്ച് നല്ല അറിവാണ് സാമിന്. അവിടത്തെ പാറയിടുക്കിൽ കൂടുവെച്ച് ലോപ്സ്റ്റർ പിടിക്കാൻ അയാൾ പണ്ട് പോകുമായിരുന്നു. അങ്ങനെ വർക്കലക്കടലിലെ ജൈവവൈവിധ്യത്തിന്റെ പ്രത്യേകത അയാൾക്കു മനഃപാഠമായി. 2015 ഫെബ്രുവരി 15ന് ഞങ്ങളുടെ അണ്ടർവാട്ടർ ഡ്രൈവർമാർ സാമിന്റെ നിർദേശപ്രകാരം മുങ്ങി കാമറയിൽ പകർത്തിയെടുത്തത് കടുംനീലനിറത്തിലുള്ള അഞ്ചു പുതിയ

കടൽ ചിത്രങ്ങൾ ● ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ്



ജീവികളെയാണ്. എല്ലാം സോഫ്റ്റ് കോറലുകളുടെയും ഗോർഗോണിയനുകളുടെയും ഗണത്തിൽപെടുന്നവ. അവയിൽ പലതും നമ്മുടെ സമുദ്രശാസ്ത്ര വിദഗ്ധരുടെ കണക്കിൽ ഇതേവരെ ഇടംപിടിക്കാത്തവ.

സന്ധ്യക്ക് വീട്ടിലെത്തി അന്നത്തെ കാര്യങ്ങൾ കുറിച്ചിടുന്നതിനിടെ ഞാൻ രണ്ടു മൂന്നു തവണയെങ്കിലും സാമിന് ഫോൺ ചെയ്തിട്ടുണ്ടാവും. അയാൾ കണ്ടുവെച്ച ജീവിയുടെ രൂപം, നിറം, വലുപ്പം. അത് അയാളുടെ ജീവിതത്തിൽ ഇന്നേവരെ കണ്ടിട്ടില്ലാത്തതാണോ, രാത്രിയിൽ അവിടെ ആരെങ്കിലും വലയിട്ട് അതിനെ നശിപ്പിക്കാനിടയുണ്ടോ തുടങ്ങിയ എൻെറ ഓരോ ചോദ്യവും കേട്ട് അയാൾ വശംകെട്ടിരിക്കാം.

പിറ്റേദിവസം രാവിലെ ആറിന് ഞാൻ കോവളത്തെത്തി. ജർമൻ നിർമിതമായ ഗോപ്രോയുടെ ഫോർ കെ അണ്ടർവാട്ടർ കാമറയാണ് കരുതിയത്. ആസ്ട്രേലിയയിലുള്ള അനന്തരവൻ ക്ലൈവിൻ കടൽഭ്രാന്ത് കണ്ട് ആയിടെ വാങ്ങിത്തന്നത്.

കട്ടമരത്തിൻെറ നാല് ഭാഗങ്ങളും എടുത്തുവെച്ച് കൂട്ടിക്കെട്ടാൻ ഞാനും സാമിനെ സഹായിച്ചു. ഏഴുമണിയായിക്കാണും, ഞങ്ങൾ രണ്ടാളും മരം തള്ളി കടലിലിറക്കി. ഞാൻ തലമരത്തിലും അയാൾ കടമരത്തിലുമായി ഇരുന്നു തുഴഞ്ഞു. കടലിലേക്ക് തള്ളിനിൽക്കുന്ന കോവളം മലക്കരികെ ആയതിനാലാവാം കുറെ ഉള്ളിലേക്കെത്തിയപ്പോഴാണ് പുലർകാലത്തെ സ്വർണകിരണം കടലിൻെറ മാറിൽ പതിയുന്നത് കാണാനായത്. ഓളപ്പരപ്പിൽ തട്ടി തിളങ്ങുന്ന സൂര്യകിരണങ്ങളെ തുഴയെറിഞ്ഞു മുറിച്ച് മുന്നിലേക്കു പോകുന്നതിനിടെ ഞാൻ തിരിഞ്ഞുനോക്കി. സൂര്യൻ കിഴക്കുനിന്ന് തല ഉയർത്തി ഞങ്ങളെ നോക്കുംപോലെ. ഒപ്പം കരയിൽനിന്ന് കടലിനെ തഴുകി ഉണർത്തിവരുന്ന ഇളം കോടക്കാറ്റ് ശരീരത്തെയും മനസ്സിനെയും കുളിർപ്പിച്ചു. എങ്കിലും സ്വർണമുരുക്കി കോരിയൊഴിച്ചുണ്ടാക്കിയതുപോലുള്ള കണ്ണുകൊണ്ട് സൂര്യൻ എറിയുന്ന ആ ഒളിനോട്ടത്തിന് വല്ലാത്ത ഭംഗിതന്നെ. ഞങ്ങൾ തുഴഞ്ഞുപോകുമ്പോൾ മൂക്കത്തിനടുത്ത് കടലിൽ 'ചന്ത' കൂടിക്കഴിഞ്ഞിരുന്നു. വിഴിഞ്ഞത്ത് ഡ്രഡ്ജിങ് തുടങ്ങിയശേഷം അവിടെനിന്ന് കൂടുതൽപേർ ഇപ്പോൾ മൂക്കത്തു വന്നാണ് ചിപ്പിയെടുക്കുന്നതെന്ന് സാം പറഞ്ഞു. കടൽ എല്ലാപേർക്കും സ്വന്തമാണെന്നും അതിനാൽ അവർ വരുന്നതിൽ അയാൾക്ക് പരാതിയില്ലെന്നും കൂട്ടിച്ചേർത്തു. ഇന്ന് വിഴിഞ്ഞത്തെ കടൽ എല്ലാപേർക്കും സ്വന്തമെന്നു പറയാനാകുമോ എന്ന് ഞാൻ സാമിനോടു ചോദിച്ചു. "കലികാലമല്ലേ സാർ അല്ലാതെ എന്തു പറയാൻ?" അയാളുടെ മറുപടി ഒതുങ്ങി. വിഴിഞ്ഞം പദ്ധതിയുടെ പേരിൽ അദാനിക്കു നൽകിവരുന്ന ഔദാര്യങ്ങൾക്കെല്ലാം കണക്കുണ്ട്. എന്നാൽ, ഈ പദ്ധതിയുടെപേരിൽ നിങ്ങളെപ്പോലുള്ളവരെ ആട്ടിപ്പായിച്ച് അദാനി സ്വന്തമാക്കാൻപോകുന്ന കടലിനു മാത്രം ആരും ഒരു കണക്കും നിശ്ചയിച്ചിട്ടില്ലല്ലോ എന്നു ഞാൻ വീണ്ടും സാമിനോടു ചോദിച്ചു. അതിനയാൾ പറഞ്ഞ മറുപടി കേട്ടാൽ അദാനിപോലും ഞെട്ടിപ്പോകും: "ഈ കടലിന് ആരെക്കൊണ്ട് വിലയിടാൻ പറ്റും സാറേ" കടലിനെപ്പറ്റിയുള്ള ഓരോ വാക്കിലും അയാളുടെ ഉള്ളിലെ സ്നേഹം ഇങ്ങനെ തുള്ളി തുളുമ്പിവരും.

പക്ഷേ, വിഴിഞ്ഞത്തുനിന്നും വരുന്നവർ 'ഇളവ' എടുക്കുന്നുവെന്നതാണ് സാമിൻെറ പ്രശ്നം. ഈ പരിഭവപ്പെടലിലും സാമിൻെറ കടൽസ്നേഹം കനത്തുനിന്നു. ചിപ്പികളിലെ പ്രായപൂർത്തിയാവാത്തവയെയാണ് ഇളവയെന്നു പറയുന്നത്. വലിയ ചിപ്പികളെ 'മുതുവ' യെന്നു വിളിക്കും. മുതുവ മാത്രമേ പാല് കക്കൂ. പാല് കക്കുന്നതിലൂടെയാണ് ചിപ്പിക്കുഞ്ഞുങ്ങളുണ്ടാകുന്നത്. ഓരോ തുള്ളിയിൽനിന്നും ഒരായിരമായി ഉയിർത്തുവരുന്ന പുരാണത്തിലെ രക്തബീജനെപ്പോലെ മുതുവകൾ ചീറ്റിത്തെറിപ്പിക്കുന്ന പാലിൽനിന്നാണ് ചിപ്പികളുടെ അടുത്ത തലമുറയുണ്ടാവുന്നത്. തലമുറകളായി മൂക്കം കടലിലെ മുതുവയെ മാത്രം എടുത്തുജീവിക്കുന്നവരാണ് ഞങ്ങൾ. തെങ്ങിൽ കരിക്ക് നിർത്തി തേങ്ങ മാത്രം ഇടുംപോലെ. അതിനാലാണ് ഈ തൊഴിൽ ഇതുവരെ നിലനിന്നുപോയത്. പലരും കരുതുംപോലെ വിഴിഞ്ഞത്തെ കാര്യങ്ങൾ പദ്ധതി പ്രദേശത്തെ ആളുകളെ മാത്രം ബാധിക്കുന്ന ഒന്നല്ല. ഇതാ ഇപ്പോൾതന്നെ ഞങ്ങളെ അതു ബാധിച്ചുകഴിഞ്ഞു. ഞങ്ങൾ പരമ്പരാഗതമായി ആശ്രയിച്ചിരുന്ന തൊഴിലിടം പദ്ധതിപ്രദേശത്തിനു പുറത്താണെങ്കിലും എന്നെന്നേക്കുമായി നഷ്ടപ്പെടാൻ പോകുകയാണ്. ഈ പാറകളിലെ ഇളവ മുഴുവൻ എടുത്തുമാറ്റിയാൽ പിന്നെ അടുത്ത വർഷം ഞങ്ങൾക്കെടുക്കാൻ ചിപ്പിയുണ്ടാവില്ല.

മൂക്കത്തെ തിരക്കു കാരണമാണ് കഴിഞ്ഞദിവസം അവിടെനിന്ന് മൂന്നൂറ് മീറ്റർ വടക്കു മാറിയുള്ള മറ്റൊരു പാരിൽ സാം ചിപ്പിയെടുക്കാൻ ചെന്നത്. കടലിനടിയിലെ പാറക്കൂട്ടങ്ങളാണ് പാരുകൾ. ഈ പാര് അധികമാർക്കും അറിയില്ല. സാംകുട്ടിയുടെ അച്ഛൻ സോമൻ

↓ സഹയാത്രികൻ അലോഷ്യസിനൊപ്പം റോബർട്ട് പനിപ്പിള്ള





↑ മൊറൈ ഈൽസ് - മുളവറക്കല്ലിൽ പാറപ്പാരിൽ കണ്ട വ്ലാങ്ക്



↑ കടൽചേന (Sea Urchin)



↑ ഈൽ - വ്ലാങ്ക് എന്നറിയപ്പെടുന്ന പാമ്പ് പോലുള്ള കടൽജീവി തമ്മിലുള്ള യുദ്ധം

അയാൾക്ക് കാട്ടിക്കൊടുത്തതാണ്. അഞ്ചു പാറകളുടെ കൂട്ടമായ മുളവറക്കല്ല് പാര്, അവിടേക്കാണ് ഇപ്പോൾ അയാളെന്നെ കൂട്ടിക്കൊണ്ടുപോകുന്നത്. വർത്തമാനം പറഞ്ഞും ഒപ്പം തുഴഞ്ഞും ഞങ്ങൾ മുളവറക്കല്ലിലെത്തി. എഴുന്നേറ്റുനിന്നു കരരേഖകൾ നോക്കിയശേഷം എന്നോട് കട്ടമരം അൽപം വടക്കോട്ട് തുഴഞ്ഞുപിടിക്കാൻ പറഞ്ഞു. ഇടക്ക് കടലിനെ നോക്കി അന്നത്തെ വെട്ടക്കുറവിനെ പഴിപറയുന്നതും കേട്ടു. പിന്നെ മാസ്ക്പോലുള്ള കണ്ണാടിയെടുത്ത് മുഖത്തുവെച്ച് ഞാനൊന്നു നോക്കിവരാം എന്നു പറഞ്ഞ് ആളും ആരവവുമില്ലാത്ത ആഴങ്ങളിലെ ലോകം തേടി അയാൾ കടലിലേക്കു പാഞ്ഞു.

കുറെ കഴിഞ്ഞ് അയാൾ തിരികെയെത്തി. കടലിനടിയിൽ അൽപംപോലും കാഴ്ച കിട്ടുന്നില്ലെന്നു പറഞ്ഞു. സാമിൻെറ പോക്കിലും വരവിലും വർത്തമാനത്തിലും ശ്രദ്ധിച്ച ഞാൻ അറിയാതെ തുഴച്ചിൽ നിർത്തി. അയാൾ കടമരത്തിലിരുന്ന് തുഴയെടുത്ത് അൽപം അകലേക്കു തുഴഞ്ഞു. വീണ്ടും ഒന്നുകൂടി നോക്കിവരാമെന്നു പറഞ്ഞ് കടലിലേക്ക് ഊളിയിട്ടു. ഇപ്രാവശ്യം മറ്റൊരിടത്തായയാണ് അയാൾ പൊന്തിവന്നത്. ഞാൻ അവിടേക്കു മരം തുഴഞ്ഞടുപ്പിച്ചു. അയാൾ മരത്തിൽ കയറി വീണ്ടും കരയിലേക്കു നോക്കി. ഞങ്ങൾ കിടക്കുന്നതിനു നേരെ കരയിലുള്ള മുസ്ലിംപള്ളിയുടെ കുംഭഗോപുരമാണ് ഈ പാരിൻെറ നേർരേഖയായി അയാൾ മനസ്സിൽ കുറിച്ചിട്ടിരിക്കുന്നത്. മുപ്പതു മിനിറ്റിനുള്ളിൽ അയാൾ ആറ് തവണ കടലിനടിയിൽ പോയി വന്നു. ഓരോ തവണ



↑ Butterfly Fishes



↑ കടലൊച്ച്

യും ഞാൻ പ്രതീക്ഷയോടെ കാത്തിരുന്നു. തുടരെയുള്ള കുഴിയോടലിൽ സാം ക്ഷീണിച്ചിട്ടുണ്ടാവും. കടലിന്റെ വെളിച്ചക്കുറവാണ് പ്രശ്നമെങ്കിൽ നമുക്ക് മറ്റൊരിക്കലാകാമെന്ന് ഞാൻ സാമിനോട് പറഞ്ഞെങ്കിലും അയാൾ വിടുന്ന മട്ടില്ല. അയാൾ കട്ടമരത്തിൽ ചെരുകിവെച്ചിരുന്ന അടുമ്പുവള്ളിയെടുത്ത് അതിന്റെ ഇലകൊണ്ട് കണ്ണാടി തേച്ച് വൃത്തിയാക്കി മുഖത്തെടുത്തുവെച്ച് വീണ്ടും കടലിലേക്ക് മുങ്ങി. കടൽതീരത്തെ പരുപരുത്ത മണലിൽ പടർന്നുവളരുന്ന ഒരുതരം വള്ളിച്ചെടിയാണ് അടുമ്പുവള്ളി. ചിപ്പിത്തൊഴിലാളികൾ അവരുടെ കണ്ണാടി വൃത്തിയാക്കാൻ അതാണുപയോഗിക്കുന്നത്. അൽപം കഴിഞ്ഞ് മുകളിലേക്കു വന്ന സാം വെള്ളത്തിൽ കിടന്നുകൊണ്ടുതന്നെ വിളിച്ചുപറഞ്ഞു: “ഇവിടെ അടിക്കടലിൽ ഒരു ഒച്ച കേൾക്കുന്നുണ്ട്. അത് കല്ലിന്റേതാണെന്നു തോന്നുന്നു, ഇതിനടുത്തുതന്നെ പാരുണ്ടാവും.” കാട്ടിലെ പക്ഷികളുടെ കൂവലും ശബ്ദവും നിരീക്ഷിച്ച് കടുവകളുടെ സാന്നിധ്യം തിരിച്ചറിയുന്ന ആദിവാസികളെപ്പോലെ കടലൊച്ച നിരീക്ഷിച്ച് പാരിന്റെ സ്ഥാനം പറയുന്ന സാംകുട്ടി. കടലിന്റെ ആത്മാവിനുള്ളിലെ തുടിപ്പറിയുന്നവൻ. കടലിനടിയിലൂടെ ഒഴുകുന്ന വെള്ളത്തിന്റെ ഒലികേട്ട് കടലടിത്തട്ടിന്റെ പ്രത്യേകത അയാൾ പറഞ്ഞപ്പോൾ എനിക്കത് പുതിയ കേൾവിയായിരുന്നു. ഇന്നത്തെ യാത്ര വെറുതെയാവില്ലെന്ന് തോന്നി. കട്ടമരത്തിൽ തിരികെ വലിഞ്ഞുകയറിയ അയാൾ മഞ്ഞനിറത്തിൽ കനം കുറഞ്ഞ ഒരു കെട്ട് റോപ്പും അതിൽ കെട്ടിയ കൊളുത്തുപോലൊരു സാധനവും കൈയിലെടുത്തു. റോപ്പിന്റെ മറുതല എന്നെ ഏൽപിച്ചശേഷം ഇങ്ങനെ പറഞ്ഞു: ഞാൻ അടിയിലെത്തി ഇടം കണ്ടു പിടിച്ചാൽ ഈ കൊളുത്ത് പാരിൽ ഉടക്കി വെച്ചശേഷം മുകളിലേക്ക് സിഗ്നൽ തരും. ഉടനെ സാറ് റോപ്പു മുടുക്കിപ്പിടിക്കണം. തുടർന്ന് ഇടതുകൈയിൽ ഒരു ഗ്ലൗസ് എടുത്തിടുന്നതിനിടെ എന്നെ നോക്കി ഒന്നു ചിരിച്ചു. ആത്മവിശ്വാസം അലിയിച്ചു ചേർത്ത ആ ചിരിയിൽ എല്ലാം അടങ്ങിയിരുന്നു. പിന്നെ ഞാൻ കാണുന്നത് വലതുകൈയിൽ കൊളുത്തുമായി പ്രാർഥനയോടെ കടലിലേക്ക് കാലെടുത്തുവെച്ച് അയാൾ ഇറങ്ങിപ്പോകുന്നതാണ്. ഞാൻ അൽപംപോലും ശ്രദ്ധവിടാതെ റോപ്പിന്റെ മറുതലയുമായി മരത്തിൽ കാത്തിരുന്നു. എന്നെ ടെൻഷനടിപ്പിച്ച് അൽപം വൈകിയെങ്കിലും റോപ്പു കരുതിയിരുന്ന കൈവിരൽ തുമ്പിൽ ആ സന്ദേശമെത്തി, ഉടൻ ഞാൻ റോപ്പു നിവർത്തി വലിച്ചുപിടിച്ചു. അടിയിൽ എന്തോ ബലമായി ഉടക്കിനിൽക്കുംപോലെ. അതാ മരത്തിനു തൊട്ടടുത്തു തന്നെ സാം വന്നു പൊങ്ങിയതും അയാൾ പെരുമൂച്ചുവിട്ടതും ഒപ്പമായിരുന്നു. അത്രയും നേരം കടലിനടിയിലായിരുന്നതിനാലാവും അങ്ങനെ ശ്വാസംവിട്ടത്. സാം പതിയെ മരത്തിൽ കയറി എന്റെ കൈയിലെ റോപ്പ് വാങ്ങി തലമരത്തിൽ കെട്ടിനിർത്തി. ഇനി പാരുതേടി മുങ്ങാംകുഴിയിട്ട് സാമിന് അലയേണ്ടിവരില്ല. ഈ റോപ്പു പിടിച്ച് അടിക്കടലിലേക്ക് പോയാൽ മതിയാവും. ആകാംക്ഷയടങ്ങാത്ത എന്റെ മുഖഭാവം കണ്ടിട്ടാവും അയാൾ പറഞ്ഞു: “അൽപം വെട്ടക്കുറവാണെങ്കിലും സാറിന് ഞാനവനെ കാണിച്ചു തരാം, ഫോട്ടോയും കൊണ്ടുപോകാം.” അതു കേട്ടപാടെ ഞാൻ മൊബൈലിൽനിന്ന് ആ ലോക്കേഷന്റെ ജി.പി.എസ് വിവരങ്ങൾ ഡയറിയിൽ കുറിച്ചിട്ടു. ഇതാണ് ഞങ്ങളുടെ രീതി. സാമിനെപോലുള്ളവർ കാട്ടിത്തരുന്ന വഴി പിന്തുടർന്ന് കൂടുതൽ അന്വേഷണം ഞങ്ങളുടെ സ്കൂബാഡൈവിങ് ടീ

**പിന്നെ ഞാൻ കാണുന്നത് വലതുകൈയിൽ കൊളുത്തുമായി പ്രാർഥനയോടെ കടലിലേക്ക് കാലെടുത്തുവെച്ച് അയാൾ ഇറങ്ങിപ്പോകുന്നതാണ്. ഞാൻ അൽപംപോലും ശ്രദ്ധവിടാതെ റോപ്പിന്റെ മറുതലയുമായി മരത്തിൽ കാത്തിരുന്നു. എന്നെ ടെൻഷനടിപ്പിച്ച് അൽപം വൈകിയെങ്കിലും റോപ്പു കരുതിയിരുന്ന കൈവിരൽതുമ്പിൽ ആ സന്ദേശമെത്തി, ഉടൻ ഞാൻ റോപ്പു നിവർത്തി വലിച്ചുപിടിച്ചു. അടിയിൽ എന്തോ ബലമായി ഉടക്കിനിൽക്കുംപോലെ.**

മിലൂടെ നടത്തുക. അതിന് ഈ ജി.പി.എസ് വിവരം കൂടിയേ തീരൂ. പിന്നെ കാമറയെടുത്ത് ഓൺ ചെയ്ത് വെറുതെ ഒന്നു രണ്ടു ക്ലിക്ക് ചെയ്തു നോക്കിയശേഷം സാമിനെ ഏൽപ്പിച്ചു. അയാൾക്ക് അണ്ടർവാട്ടർ ഫോട്ടോയെടുത്ത് പരിചയമുള്ളതിനാൽ അധികമൊന്നും പറഞ്ഞുകൊടുക്കേണ്ടിവന്നില്ല. സാം അതു വാങ്ങി കൈയിൽ മുറുകെപ്പിടിച്ച് കടലിനടിയിലേക്കു



↑ സാംകുട്ടി



↑ സ്റ്റോൺ ഫിഷ്

പോയി. അൽപസമയത്തിനുള്ളിൽ തിരികെ വന്ന സാമിന്റെ ഒരു കൈയിൽ കാമറയും മറുകൈയിൽ അയാൾ കണ്ടെത്തിയ ജീവിയുടെ സാമ്പിളും ശേഖരിച്ചിരുന്നു. കടലിൽ കിടന്നുകൊണ്ടുതന്നെ കൈനീട്ടി അവ എന്നെ ഏൽപിച്ചു. ഞാൻ പ്രത്യേകം കരുതിയിരുന്ന സ്പെസിമെൻ കണ്ടെയ്നറിൽ കുറച്ച് കടൽവെള്ളമെടുത്ത് അവ അതിലിട്ടു. അതിനിടെ സാം മരത്തിലേക്കു വീണ്ടും വലിഞ്ഞുകയറി. അപ്പോൾ അയാളുടെ മുഖത്തെ ഭാവം ഞാൻ ശ്രദ്ധിച്ചു. ഞാൻ ആർത്തിയോടെ കാമറയെടുത്തു നോക്കി. അതിലെ ഫോട്ടോകൾക്ക് അത്ര തെളിച്ചം പോരെങ്കിലും ഏതോ ഒരു ജീവി പാറയുടെ മുകളിൽ വളർന്നു പടർന്ന് കോളനിയായി മാറിയതായി മനസ്സിലായി. ഞാൻ ആ ഫോട്ടോയും അയാൾ ശേഖരിച്ച സ്പെസിമെനുമായി ഒത്തുനോക്കി. അതൊരു സോഫ്റ്റുകോറലാണെന്നു തീർച്ചപ്പെടുത്തി. ചുവപ്പും വെള്ളയും ഇടകലർന്ന ഒന്ന്. മുളവറക്കല്ലിനു പത്തു മീറ്റർ ആഴമേ ഉള്ളൂ. ഇത്ര കരയിൽ സോഫ്റ്റുകോറൽ കോളനി ഉണ്ടാവാനുള്ള സാധ്യത വിദഗ്ധരോടു ചോദിച്ചാലേ പറയാൻ കഴിയൂ. എങ്കിലും ഈ ജീവിയെപ്പറ്റി കൂടുതൽ അറിയാൻ സാംകുട്ടി ശേഖരിച്ച സ്പെസിമെൻതന്നെ ധാരാളം. അതിനായി ഞാൻ ഉടൻ ശ്രമിക്കാമെന്നു പറഞ്ഞ് ഞങ്ങൾ മരം കരയിലേക്കു വിട്ടു. തിരികെ വരുന്നവഴി മൂക്കത്തിനു നന്നേ കരയിലുള്ള ചെറിയ പാറകളുടെ പരിസരത്ത് ഒരു പുതിയ മുതിരയെ കുറെ നാളായി കാണുന്നുണ്ടെന്നും അതൊന്നു നോക്കിയിട്ടു പോയാൽ മതിയെന്നും സാം പറഞ്ഞു. കാടുകാണാനെത്തുന്ന കുട്ടികളെ വനപാലകരായ ഗൈഡുകൾ ഓരോയിടത്തും കൊണ്ടുപോയി ഓരോന്നു കാട്ടിത്തരുംപോലെയാണ് സാമിന്റെ പെരുമാറ്റം. കടലിനടിയിൽ എവിടെ എന്തൊക്കെയുണ്ട് എന്ന കടലറിവാണ് അയാളെ വ്യത്യസ്തനാക്കുന്നത്. ഞങ്ങൾ അവിടെ എത്തിയപ്പോൾ മരം ആങ്കർ ചെയ്ത് സ്നോർക്ലിങ് ഗിയറുമായി ഞാനും സാമിനൊപ്പം കടലിലിറങ്ങി. മൂക്കം മലയോടു ചേർന്ന് വടക്കു ഭാഗത്തായുള്ള കടലിനടിയിലെ ചെറു പാറകൾ. ഞങ്ങൾ രണ്ടാളും പതിയെ കടലിനുള്ളിൽ മുഖം അമർത്തി കണ്ണുകൾ തുറന്ന് കാലുകൾ ചലിപ്പിച്ച് പാറകളെ ലക്ഷ്യമാക്കി നീങ്ങി. ഞങ്ങളെ കണ്ടതിനാലാവാം പാറകളിലെ പായലുകൾ കൊത്തിവലിക്കുന്ന ചില വർണമത്സ്യങ്ങൾ തലങ്ങും വിലങ്ങും പാഞ്ഞുപോയി. അതാ അൽപം ആഴത്തിൽ മൂന്നു പാറകൾക്കു നടുവിലെ അടിത്തട്ടു പറ്റി അവർ നിരന്നിരിക്കുന്നത് സാം കാട്ടിത്തന്നു. അതിൽ വെളുത്ത മുള്ളുകളുള്ള ഒരെണ്ണം, അതിനെ ദൂരെനിന്നുതന്നെ കാണാം. സാധാരണയിൽ കവിഞ്ഞ് വലുപ്പമുള്ള ഒരു സീ അർച്ചിൻ. അതിനു സമീപം കറുത്ത നിറത്തിലുള്ള സീ അർച്ചിനുകളുമുണ്ട്. പക്ഷേ, കറുത്തവ വിഷകാരികളല്ല. വെളുത്ത മുള്ളുകളുള്ള ഈ സീ അർച്ചിന് കൊടിയ വിഷമുണ്ടെന്നും അതിനാൽ അതിന്റെ അടുത്തു പോകേണ്ടെന്നും സാം ആംഗ്യത്തിലൂടെ എന്നെ ബോധ്യപ്പെടുത്തി. ചേനപോലെ ഉരുണ്ട ശരീരകവചവും പുറത്ത് നീണ്ട മുള്ളുകളുള്ളതുമാണ് സീ അർച്ചിനുകൾ. ഇതിൽനിന്ന് ഭിന്നമായ പരശരീരഘടനയുള്ളതും കടലിലുണ്ട്. ഞങ്ങൾ കുറച്ചകലെ നിന്നു ഫോട്ടോകളെടുത്തു. കൂടാതെ അതിനടുത്തായി മറ്റൊരു പാറയിൽ പറ്റി വളർന്നു നിൽക്കുന്ന സ്റ്റോണി കോറലിന്റെയും. ഞങ്ങൾ തിരികെ മരത്തിലെത്തിയശേഷം അയാൾ വാതോരാതെ പറഞ്ഞതു മുഴുവൻ ആ വെളുത്ത സീ അർച്ചിനെപ്പറ്റിയാണ്. ആദ്യമാ

ദ്യമൊക്കെ തരമെന്തെന്നറിയാതെ പോയി പിടിച്ചവർക്കൊക്കെ 'പണികിട്ടി'യെന്നും തൊട്ടാലുടൻ അത് മുള്ളുകൾ മുറിച്ച് തെറിപ്പിച്ചു പ്രതിരോധിക്കുമെന്നും സാം പറഞ്ഞു. ആത്മഗതംപോലെ വീണ്ടുമൊരു സന്ദേശം സാമിൽനിന്നു വന്നു: "അതിനു നമ്മെപ്പോലെ ഓടിരക്ഷപ്പെടാനുള്ള കഴിവില്ലല്ലോ സാറേ, അത് അങ്ങനെയെങ്കിലും ജീവിച്ചുപോട്ടെ."

കോവളത്തെത്തുന്ന ജാപ്പനീസ് സഞ്ചാരികളുടെ ഇഷ്ടവിഭവമാണ് സീ അർച്ചിനുകൾ. അവരെത്തിയാലുടൻ ഹോട്ടലുകാർ സീ അർച്ചിനുകളെ പിടിച്ചുനൽകാൻ ചിലരെ ഏർപ്പാടാക്കും. സാം പറയുംപോലെ ഈ പാവം ജീവികൾക്ക് ഇങ്ങനെ ഒരു സിദ്ധിയില്ലായിരുന്നെങ്കിൽ വേട്ടക്കാരെക്കൊണ്ട് പൊറുതിയുണ്ടാവില്ല. തീരത്തോടടുത്ത പാറകളിലാണ് സീ അർച്ചിനുകളെ കാണാനാവുന്നത്. ഉറച്ച സമുദ്രാടിത്തട്ടിൽ വളരെ ചെറിയൊരു ഇട്ടാവട്ടത്തിൽ ഞരങ്ങി ഞരങ്ങി മാത്രം ജീവിക്കാൻ കഴിയുന്നവ. വാസ്തവത്തിൽ സമുദ്ര പരിസ്ഥിതിക്ക് ഈ അർച്ചിനുകൾ നൽകുന്ന സംഭാവന വലുതാണ്. ആഴം കുറഞ്ഞ കടലിനടിയിലെ പാറകളിൽ പലതരം പായലുകൾ വളരാനിടയുണ്ട്. ഇതിൽ ചിലയിനം പായലുകൾ മറ്റു ജീവജാലങ്ങളെയൊന്നും അവിടെ വാഴാൻ അനുവദിക്കാത്തവയാണ്. അത്തരം പായലുകളാണ് സീ അർച്ചിനുകളുടെ പ്രധാന ഭക്ഷണം. തുഴയുന്നതിനിടെ ഇത്തരം വിശേഷങ്ങളെല്ലാം പറഞ്ഞും പങ്കുവെച്ചും ഞങ്ങൾ രണ്ടാളും കരയിലെത്തി.

ooo

ആ വർഷത്തെ ഞങ്ങളുടെ സ്കൂബാഡൈവിങ് ടീമിന് എട്ടു ദിവസത്തെ അണ്ടർ വാട്ടർ ഷൂട്ടിങ് ആണ് ഷെഡ്യൂൾ ചെയ്തിരുന്നത്. ഒടുവിൽ മുളവറക്കല്ല് പാര് കൂടി അതിൽ ഉൾപ്പെടുത്താൻ തീരുമാനമായി. 2016 ഫെബ്രുവരി രണ്ടിന് ഞങ്ങൾ ഡൈവിങ് സന്നാഹവുമായി അവിടെയെത്തി. ഇപ്രാവശ്യവും വലിയതുറയിൽനിന്ന് രണ്ടു വള്ളങ്ങളിലായാണ് കടൽയാത്ര. മുളവറക്കല്ലിന്റെ ജി.പി.എസ് വിവരം നോക്കി വള്ളങ്ങൾ ആങ്കർചെയ്തു. വള്ളത്തിനരികിലൂടെ കടലിലേക്ക് ഞാൻ പതിയെ നോക്കി. കടലിനു നല്ല തെളിവുണ്ട്. സാധാരണ ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കടൽ വെട്ടമിട്ടു കിടക്കും. തെളിവുനാൾ എന്നാണ് ഈ കാലത്തെ കടലോരഭാഷയിൽ പറയുക. അണ്ടർവാട്ടർ ഷൂട്ടിങ്ങിന് ഏറ്റവും അനുയോജ്യമായ കാലമാണത്. എങ്കിലും എപ്പോൾ വേണമെങ്കിലും എന്തും സംഭവിക്കാം, അതാണ് കടലിന്റെ പ്രത്യേകത.

ഷൂട്ടിങ്ങിനായി കാനോൺ, നിക്കോൺ, ഗോപ്രോ എന്നീ മൂന്നു കാമറകൾ ഞങ്ങൾ കരുതിയിരുന്നു. അവയുമായി മൂന്നുപേർ കടലിലിറങ്ങി. ഓരോ ഡൈവിങ്ങിനു മുമ്പും വ്യക്തമായ പ്ലാനിങ് ഉണ്ടാവും. മുളവറക്കല്ലുപാര് അഞ്ചു പാറകളുടെ കൂട്ടമാണെന്നാണ് സാം പറഞ്ഞത്. അതിൽ ഒരു പാറയിലാണ് സോഫ്റ്റ് കോറലിന്റെ സാന്നിധ്യം. അന്നത്തെ ഡൈവിങ് പ്ലാനിൽ സോഫ്റ്റ് കോറലിനെപ്പറ്റിയുള്ള ഡോക്യുമെന്റേഷനാണ് പ്രാധാന്യം നൽകിയിരുന്നത്.

ഓളപ്പരപ്പിൽനിന്ന് മൂവരും ഒരേസമയം കടലിനടിയിലേക്ക് ഊളിയിട്ടു. ഒഴുക്ക് കുറവായതിനാൽ ആങ്കർ റോപ്പ് പിടിക്കാതെയായിരുന്നു യാത്ര. അൽപദൂരം ചെന്നപ്പോൾതന്നെ അടിത്തട്ടു കാണാമെന്നായി. സാം പറഞ്ഞതു ശരിയാണ്. പാറപ്പാരുകൾക്കടുത്തെത്തുമ്പോൾ കടലനക്കങ്ങളുടെ ശ്രുതിവ്യത്യാസം തിരിച്ചറിയാനാവും. ഒറ്റനോട്ടത്തിൽ ധവളിമയാർന്ന മൂടൽ മഞ്ഞിൽ പുതച്ചു കിടക്കുംപോലെ കുറേ പാറകൾ. ഇളം ചാരനിറമാണതിന്. നേരം ഉച്ചയോടടുത്തതിനാൽ സൂര്യന്റെ നോട്ടം അടിത്തട്ടുവരെയെത്തും. അതിനാൽ ആ പ്രകൃതിക്കാകെ ഒരു പ്രസന്നഭാവം. ഭൂമിയിൽ ജീവൻ നാമ്പെടുത്തയിടമാണ് കടൽ. കടലെന്നു കേട്ടാൽ സാധാരണ മ


Estd. 2000

**അസെൻഡ് പബ്ലിക്കേഷൻസ്**
**കോട്ടയം**

**പ്രസാധനത്തിന്റെ 16 വർഷങ്ങൾ**

**കേരളത്തിലെ പ്രശസ്തരായ എഴുത്തുകാരുടെ തൂലികയിൽ വിടർന്ന അക്ഷരപെരുമയുമായി അസെൻഡ് പബ്ലിക്കേഷൻ എന്നും നിങ്ങളോടൊപ്പം.**

**കഥ, കവിത, പഠനം, ലേഖനം, ബാലസാഹിത്യം, നാടകം, സിനിമ, വിജ്ഞാനം, തിരക്കഥ, ആത്മകഥ, ദളിത്സാഹിത്യം, ജീവചരിത്രം, ഓർമ്മ– മുതലായ എല്ലാ സാഹിത്യ ശാഖയിലുംപെട്ട പുസ്തകങ്ങൾ.**

പ്രൊ. എം.കെ. സാനു, ശ്രീകുമാരൻ തമ്പി, ഏഴാച്ചേരി രാമചന്ദ്രൻ, ഡോ. എസ്. ശിവദാസ് , ഡോ. ജോർജ്ജ് ഓണക്കൂർ, എഴുമറ്റൂർ രാജരാജവർമ്മ, സിപ്പി പള്ളിപ്പുറം, സുമംഗല, ഡോ. പോൾ മണലിൽ, അക്ബർ കക്കട്ടിൽ, യു.എ. ഖാദർ, ഡോ. കുര്യാസ് കുമ്പളക്കുഴി, അമ്പലപ്പുഴ രാമവർമ്മ, കിളിരൂർ രാധാകൃഷ്ണൻ, കാവാലം ബാലചന്ദ്രൻ, യു.കെ കുമാരൻ, കെ. രേഖ മുതലായ പ്രശസ്തരോടൊപ്പം അക്കാദമിക് രംഗത്തെ പ്രമുഖരുടെയും നവപ്രതിഭകളുടെയും പുസ്തകങ്ങൾ.

**പുസ്തകം ആവശ്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക: 8281421593, 9495445983, 0481 2300646, 2300206**

*വി.പി.പി ചാർജ്ജുകളോ പാഴ്സൽ ചിലവുകളോ ഇല്ലാതെ പുസ്തകം നിങ്ങളുടെ കൈകളിലെത്തുന്നു*

ASCEND PUBLICATIONS
Kattuveettil Bldgs
(Opp. Passport Seva Kendra)
Nagampadam, Kottayam - 686 006,
Phone: 0481- 2300206, 2300646
Branch: Pala (Near St.Thomas college)
Website: www.ascendpublications.com
E-mail: ascendpublication14@gmail.com

g.j/ap/kw53/2016

നുഷ്യന് ഒരു വലിയ ജലാശയമാണ്. പക്ഷേ, കാലവും കടലൊഴുക്കും ഈ പാറകളുടെമേൽ തീർത്ത വടിവൊത്ത താരുണ്യം തിളങ്ങിനിൽക്കുന്ന ഈ കാഴ്ച ആരുടെയും മനസ്സുനിറക്കും. ഇവിടെ കണ്ണോടു കാഴ്ചകളിലെല്ലാം വ്യത്യസ്തയിനം ജീവികൾ, വ്യത്യസ്ത ആവാസയിടങ്ങൾ. കാട്ടിലെ മരങ്ങളിൽ ഉയർന്ന ചില്ലകളിൽ മാത്രം വിശ്രമിക്കുന്ന ചിലയിനം പക്ഷികളെപ്പോലെ പാരുകൾക്ക് മുകളിലൂടെ പാറിനടന്ന് ജീവിക്കുന്നവയെയും അടിത്തട്ടിലെ ഒഴുക്കിനോട് സമരസപ്പെട്ടു ജീവിക്കുന്നവയെയും കാണാം.

പാറമുകളിലെ ചാരനിറമാർന്ന ജൈവപുതപ്പിനുള്ളിൽ അവിടവിടെ ഉയർന്നുനിൽക്കുന്ന ബർണക്കിളുകൾ. ബർണക്കിളുകളെ പൊതിഞ്ഞു കൂടിയ ചുവന്ന സീസ്പോഞ്ചുകൾ കണ്ടാൽ ഏതോ ഉദ്യാനപാലകന്റെ കരവിരുതെന്നേ തോന്നൂ. ഏതാണ്ടൊരു പൂങ്കാവനത്തിലെത്തിയ പ്രതീതി. പാറമേടിലൊരിടത്ത് മേഞ്ഞുനടക്കുന്ന കടലൊച്ചിനെ കാമറയുമായി വിടാതെ പിന്തുടരുകയാണ് ശ്രീനി. സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ കീഴിൽ സമുദ്ര ജീവശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന അയാൾക്ക് കടൽജീവജാലങ്ങളെ വേഗത്തിൽ തിരിച്ചറിയാനാവും. ചിലപ്പോൾ അതൊരു പുതിയ ജീവിയെന്നു കരുതിയാവും അയാൾ കൂടുതൽ ചിത്രങ്ങൾ എടുക്കാൻ ശ്രമിക്കുന്നത്. കടലിലെ ഏറ്റവും വർണാഭമായ ജീവിവർഗമാണ് കടലൊച്ചുകൾ. ജീവശാസ്ത്രപരമായ തരംതിരിക്കലിൽ മോളസ്കുകളുടെ ഗണത്തിലാണെങ്കിലും ഇവക്ക് പുറംതോടില്ല. നീളത്തിലും കുറുകെയുമുള്ള നീലവരകളും അവക്കുള്ളിൽ മഞ്ഞപ്പൊട്ടുകളുമുള്ള അതിനെ അയാൾ ആവോളം കാമറക്കുള്ളിലാക്കി (2016 ജൂലൈയിൽ മലേഷ്യയിലെ പെനാങ്ങിൽ നടന്ന ലോക മാലക്കോളജി കോൺഗ്രസിൽ മുളവറക്കല്ലിൽനിന്ന് അന്നു കണ്ടെത്തിയ ആ ജീവി ഇന്ത്യയിൽ ആദ്യമായാണ് റിപ്പോർട്ട് ചെയ്യുന്നതെന്നു സ്ഥിരീകരിച്ചു). ഇപ്പോൾ ബീമ മറ്റൊരു കാഴ്ചയിൽ ഗോപ്രോ കണ്ണുകളാൽ കളംവരക്കുകയാണ്. അതു കണ്ട ശ്രീനി വേഗം അപകടം മണത്തു. ഞങ്ങളുടെ ഡൈവിങ് ടീം അംഗമായ ബീമ സ്കൂബൈ ഡൈവിങ് പരിശീലകനാണെങ്കിലും അക്കാദമിക് പശ്ചാത്തലമുള്ള ആളല്ല. വേഗത്തിൽ ആംഗ്യം കാട്ടി ബീമയെ ശ്രീനി അവിടെനിന്നും മാറ്റി. തുടർന്നു രണ്ടാളും ഒരു നിശ്ചിത അകലത്തിൽനിന്ന് കാര്യങ്ങൾ പകർത്തി. മുളവറക്കല്ലിലെ പടിഞ്ഞാറെ പാറമേടിനു താഴെയുള്ള പാറവരമ്പിന്റെ തൊട്ടു മുകളിലായി ഒരുവൻ ഇരിക്കുന്നു. കാമറ കണ്ടയുടൻ തലക്ക് ഇരുവശങ്ങളിലുമുള്ള പത്തിപോലത്തെ വീതിയേറിയ പെക്ടൊറൽ ചിറകുകൾ വീശി പേടിപ്പിക്കുന്നു. ചുവപ്പും കറുപ്പും വെള്ളയും ഇടകലർന്ന നിറം. മുതുകു ചിറകുകൾ മുള്ളുകളായി രൂപപ്പെട്ടതുപോലെ ഇവനാണ് സ്റ്റോൺ ഫിഷ്. 'സൈനൻസിയ വെറുകോസ' എന്ന് ശാസ്ത്രനാമം. പാറക്കൂട്ടങ്ങൾക്കുള്ളിലും പരിസരത്തും പതുങ്ങി കഴിയുന്ന ഇവന്റെ ചിറകിനുള്ളിലെ മുള്ളുകളുടെ അറ്റത്ത് കൊടിയ വിഷഗ്രന്ഥികളാണ്. ലോകത്തെതന്നെ ഏറ്റവും വിഷാംശമുള്ള മത്സ്യമായാണ് ഇതിനെ കരുതുന്നത്. സ്റ്റോൺ ഫിഷിന്റെ ഫോട്ടോ എടുത്തശേഷം വീണ്ടും മറ്റൊരു പാറയിലേക്കു തിരിച്ചു.

ഇതൊരു പരന്ന പാറയാണ്. അൽപം മുന്നിലേക്കു ചെല്ലുമ്പോൾ ഒരു പാറയിടുക്കിലിരുന്ന് രണ്ട് ഈലുകൾ തുറിച്ചുനോക്കുന്നു. ആ പാറ പൊന്തക്കു ചുറ്റും നിറയെ ചുവന്ന സ്പോഞ്ചുകളും വളർന്നുനിൽപുണ്ട്. ഈലുകൾക്ക് ഏതാണ്ട് ചാരനിറം. പാറച്ചരിവിലെ ഒളിമാളങ്ങൾ ഈലുകളുടെ സ്ഥിരം താവളമാണ്. മൊറേ ഈൽ എന്നാണ് ഇവയുടെ വിളിപ്പേര്. പൊടുന്നനെ ഒരെണ്ണം മാളത്തിൽനിന്നിറങ്ങി മറ്റൊരു ഈലിനെ ലക്ഷ്യമാക്കി നീങ്ങി. പിന്നെ അൽപനേരം അവരുടെ അഭ്യാസപ്രകടനം. രണ്ടാളും പാമ്പുകളെപ്പോലെ വാലിൽ കുത്തി ഉയർന്ന് പരസ്പരം ചുറ്റിപ്പുണർന്നു. പിന്നെ ഒരാൾ മറ്റൊരാളുടെ കഴുത്തിൽ കടന്നുപിടിച്ചു. വായ് നിറയെ നീണ്ട ഉളിപ്പല്ലുകൾ ഈലുകളുടെ പ്രത്യേകതയാണ്. നിമിഷനേരം അങ്ങനെ നിന്ന കടിവിട്ട് അവ പരസ്പരം പിരിഞ്ഞു. വീണ്ടും പഴയ പാറപ്പൊന്തയിലേക്കു തിരികെ കയറി. അവ പ്രണയിച്ചതായിരിക്കില്ലേ? ചിലപ്പോൾ വഴക്കിട്ടതുമാവാം. കാരണം അവയുടെ സ്വസ്ഥത നഷ്ടപ്പെടുത്തുന്ന ചെയ്തികളാണ് തൊട്ടപ്പുറത്തു നടക്കുന്നത്. ആർത്തി പൂണ്ട മനുഷ്യൻ അവിടെ കടൽ നികത്തിയും കടലിലെ പാറ പൊട്ടിച്ചും പിഴുതെറിയുന്നത് ഇവയുടെ ആവാസയിടങ്ങളെയാണ്. മുല്ലൂരിലെ പാറപ്പാരുകൾ തകർക്കപ്പെട്ടപ്പോൾ അവിടെയുള്ളവർ കോവളത്തു വന്നു ചിപ്പിയെടുക്കാൻ തുടങ്ങിയതുപോലെ അവിടെനിന്ന് കിടപ്പാടം തേടിയെത്തിയ ഈലിനോട് കലഹിച്ചതാവാം കാമറക്കണ്ണുകളിൽ പതിഞ്ഞത്. അവശേഷിക്കുന്ന തട്ടകം മറ്റാർക്കും വിട്ടുകൊടുക്കാതിരിക്കാനുള്ള തത്രപ്പാടിലാണ് കോവളത്തെ കടൽജീവികൾ.

മുളവറക്കല്ലുപാരിലെ ഏറ്റവും ഉയർന്ന പാറക്ക് ഏതാണ്ട് പിരമിഡിന്റെ രൂപമാണ്. ആ പാറയുടെ കുത്തിറക്കത്തിൽ പടർന്നു പന്തലിച്ച് കിടക്കുകയാണ് സോഫ്റ്റ്കോറലുകൾ. ഒരു നിമിഷം കടലമ്മ കനകാഭരണം അണിഞ്ഞുനിൽക്കുകയാണെന്നു തോന്നിപ്പോകും. വെള്ളയും ചുവപ്പും വർണമാർന്ന പൂക്കുലകൾപോലുള്ള കോറലുകൾ തെളിവെയിലേറ്റ് വരുന്ന നീരൊഴുക്കിൽ നൃത്തംചെയ്യുന്നു. ഏതൊരു പ്രകൃതിസ്നേഹിക്കും ഇഷ്ടമാകുന്ന കടലകം. ട്യൂബുപോലുള്ള ശരീരവും അതിൽനിന്ന് ശിഖരം മാതിരി വളർന്നുനിൽക്കുന്ന വായ്ഭാഗവും. വായ് തുറക്കുമ്പോൾ എട്ടു കൈവിരലുകൾ (പോളിപ്സ്) നിവർത്തിവെച്ചതുപോലുള്ള രൂപമാണ് കാണുക. സോഫ്റ്റ് കോറലുകളുടെയെല്ലാം ശരീരഘടന ഏതാണ്ടിതുപോലെതന്നെ. ഇതുവഴിയാണ് ഇവ ഇരയെ പിടിക്കുന്നത്. പ്രധാനമായും ജന്തുപ്ലവകങ്ങളെയും ലാർവകളെയുമാണ് സോഫ്റ്റ് കോറലുകൾ ഭക്ഷിക്കുക. ഇവിടെ കാണുന്ന കോറലുകളിൽ ചിലത് വായ് മൂടിയും മറ്റു ചിലത് വായ് തുറന്നു

**മുളവറക്കല്ലുപാരിലെ ഏറ്റവും ഉയർന്ന പാറക്ക് ഏതാണ്ട് പിരമിഡിന്റെ രൂപമാണ്. ആ പാറയുടെ കുത്തിറക്കത്തിൽ പടർന്നു പന്തലിച്ച് കിടക്കുകയാണ് സോഫ്റ്റ്കോറലുകൾ. ഒരു നിമിഷം കടലമ്മ കനകാഭരണം അണിഞ്ഞുനിൽക്കുകയാണെന്നു തോന്നിപ്പോകും. വെള്ളയും ചുവപ്പും വർണമാർന്ന പൂക്കുലകൾപോലുള്ള കോറലുകൾ തെളിവെയിലേറ്റ് വരുന്ന നീരൊഴുക്കിൽ നൃത്തംചെയ്യുന്നു.**



↑ റോബർട്ട് പനിപ്പിള്ള കടലിനടിയിൽ

മാണ് ഇരിക്കുന്നത്. വായ് മൂടിയിരിക്കുന്നവ ഇപ്പോൾ ആഹാരം ഉള്ളിലാക്കുന്നുണ്ടാവും. അതു കണ്ടാൽ വെളുത്ത മുത്തുമണി ആണെന്നേ തോന്നൂ. ഈ സോഫ്റ്റ് കോറലിൻെറ തണ്ടുപോലുള്ള ശരീരഭാഗം ചുവന്നിരിക്കാൻ കാരണം അവക്കുമേൽ ചുവന്ന നിറത്തിലുള്ള സ്പോഞ്ചുകൾ വളരുന്നതിനാലാണെന്ന് അടുത്തു കണ്ടപ്പോൾ മനസ്സിലായി. കടലിലെ മറ്റൊരു ജീവിയാണ് സ്പോഞ്ചുകൾ. ശരിക്കും ഈ സോഫ്റ്റ് കോറലിൻെറ നിറം വെള്ളയാണ്. എങ്കിലും ഇവിടത്തെ ഈ കാഴ്ച തിളക്കമാർന്ന ചുവന്ന ചരടിൽ വെളുത്ത മുത്തുമണി കോർത്ത് മേനിയിൽ ചാർത്തി കടലമ്മ തൻെറ സൗന്ദര്യം സ്വയം വിളംബരംചെയ്തു നിൽക്കുംപോലെ.

സോഫ്റ്റ് കോറലുള്ളിടത്തെല്ലാം നിറയെ ചെറു വർണമത്സ്യങ്ങളെയും കാണാം. കൂടാതെ പുറംതോടുള്ള പലതരം ജീവികൾ, ഷ്റിമ്പുകൾ, സ്ക്വാഡ് ലോപ്സ്റ്ററുകൾ, ഞണ്ടുകൾ, ന്യൂഡിബ്രാങ്കുകൾ, ബ്രിട്ടിൽസ്റ്ററുകൾ മുതലായവയുടെയും ആവാസയിടമാണ് സോഫ്റ്റ് കോറലുകൾ. ശ്രീനി അതിൽനിന്ന് കുറച്ച് സ്പെസിമെൻ കലക്ട്ചെയ്യാൻ അടുത്തു ചെന്നു. കൈനീട്ടി അതിനെ തൊടാൻ ശ്രമിച്ച ശ്രീനി അതേ വേഗത്തിൽ കൈ തിരികെ വലിച്ചു. ശത്രുക്കളെ പ്രതിരോധിക്കാൻ ചില സോഫ്റ്റ് കോറലുകൾ രാസവസ്തുക്കളടങ്ങിയ വിഷം വമിപ്പിക്കും. ചില കടൽജീവികൾ ഇവയെ തിന്നു നശിപ്പിക്കാതിരിക്കാനാണത്. എന്നാൽ, ഇവ വളർന്ന് പടരുമ്പോൾ ആ പ്രദേശത്തെ മറ്റു ജീവജാലങ്ങളെ നശിപ്പിക്കാനും ഇവക്ക് കഴിയും. ഒടുവിൽ ശ്രീനി ഡൈവിങ് ജാക്കറ്റിൽനിന്ന് കൈയുറയെടുത്തണിഞ്ഞ് സ്പെസിമെൻ ശേഖരിച്ചു. ഡൈവിങ് ടീമിനും അവരുടെ കാമറകൾക്കും അരമണിക്കൂറിലേറെ കോറലുകൾക്കു ചുറ്റും വിശ്രമമില്ലാത്ത പണിയായിരുന്നു. കരയിലെ വിഷുക്കാലബിംബങ്ങളെപ്പോലെ കോവളം കടലിന് എന്നും വസന്തകാലം സമ്മാനിക്കാൻ ഈ ജീവിക്കു കഴിയും എന്ന തോന്നലാണ് ആ കടൽക്കാഴ്ച കാണുമ്പോൾ ആർക്കും തോന്നുക. ഒടുവിൽ മനസ്സില്ലാമനസ്സോടെ ആ കടൽപച്ചപ്പിൻെറ നിറഭേദങ്ങളോട് വിടചൊല്ലി.

കരയിലെത്തി ഈ ജീവിയെപ്പറ്റി ഞങ്ങൾ നടത്തിയ തുടരന്വേഷണം അത്ര സന്തോഷമുള്ള വാർത്തകളല്ല നൽകിയത്. ഇവ നിലനിൽക്കുന്ന പരിസ്ഥിതിയിൽ സഹജീവജാലങ്ങളെ ബാധിക്കുംവിധം ഉപദ്രവകരമായി വ്യാപിക്കുന്ന തരത്തിലുള്ളതാണെന്നും, ലോകത്താദ്യമായി ഇതിനെ കണ്ടെത്തിയ (1972) ഹവായ് ദ്വീപിൽ ചുരുങ്ങിയ കാലംകൊണ്ട് അവിടത്തെ സമുദ്രജൈവവൈവിധ്യത്തെ അപകടകരമാംവിധം നശിപ്പിച്ചുവെന്നുമാണ് റിപ്പോർട്ട്. Carijoa riisei എന്നാണിതിൻെറ ശാസ്ത്രനാമം. കോവളത്തെ സാംകുട്ടിയുടെ ഈ കണ്ടുപിടിത്തത്തിനു മുമ്പ് ഇന്ത്യയിൽ നാലിടത്തു മാത്രമേ ഇത് റിപ്പോർട്ട് ചെയ്തിട്ടുള്ളൂ.

കേരളത്തിൻെറ തീരസമുദ്ര പരിസ്ഥിതിയിൽ ഏറ്റവും പ്രധാന ജൈവവൈവിധ്യസമ്പന്നമേഖലയാണ് കോവളം മുതൽ ചൊവ്വരവരെയുള്ളത്. ഈ പ്രദേശത്തെ ജൈവവൈവിധ്യം ഇനിയും ശരിയാംവിധം തിട്ടപ്പെടുത്തിയിട്ടുപോലുമില്ല. ഇനിയും നാം കണ്ടെത്തിയിട്ടില്ലാത്ത ജീവജാലം ധാരാളമുള്ള ഇടമാണിത്. കോവളത്തെ സമുദ്ര പരിസ്ഥിതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ശ്രദ്ധ അടിയന്തരമായി പതിയാൻ ഈ സോഫ്റ്റ് കോറലിൻെറ വിവരം ജനുവരിയിൽതന്നെ ഞങ്ങൾ ഫോട്ടോസഹിതം മാധ്യമങ്ങൾക്കു നൽകി പ്രസിദ്ധീകരിച്ചു. എങ്കിലും ഇവ സൃഷ്ടിക്കാവുന്ന പാരിസ്ഥിതിക ആഘാതത്തെപ്പറ്റി പഠിക്കാനും തടയിടാനും ഇനിയും ഒരു ശ്രമവും ഉണ്ടായിട്ടില്ല. കേരളത്തിൽ ഈ ജീവിയുടെ കണ്ടെത്തലിനു പിന്നിൽ സാംകുട്ടി വഹിച്ച പങ്ക് ഉയർത്തിക്കാട്ടുംവിധം ഏതെങ്കിലും ശാസ്ത്രപ്രസിദ്ധീകരണത്തിൽ വിവരം നൽകാൻ ഞങ്ങൾ ശ്രമിച്ചുവരുകയാണ്.

**അടിക്കുറിപ്പ്:** ഈ വിഷയത്തിൽ അക്കാദമിക് പാണ്ഡിത്യമൊന്നുമില്ലാത്ത ആളാണ് ഞാനെങ്കിലും എൻെറ അറിവിൽ ലോകത്തുതന്നെ സോഫ്റ്റ്കോറലുകളെപ്പറ്റിയുള്ള പഠനം പരിമിതമാണ്. ഇന്ത്യയിൽ ഇതുമായി ബന്ധപ്പെട്ട ടാക്സോണമിസ്റ്റുകൾ ഇല്ലെന്നുതന്നെ പറയാം. ഞങ്ങൾ ഫ്രൻഡ്സ് ഓഫ് മറൈൻ ലൈഫ് (എഫ്.എം.എൽ) മൂന്നു വർഷമായി കേരളത്തിലെ വിവിധ ആഴങ്ങളിലുള്ള സമുദ്രാടിത്തട്ടിൽനിന്ന് പത്തോളം വ്യത്യസ്ത സോഫ്റ്റ് കോറലുകളുടെ ചിത്രം പകർത്തിയിട്ടുണ്ട്. ചിലതിൻെറയൊക്കെ സ്പെസിമെനും ശേഖരിച്ചിട്ടുണ്ട്.

●